18
2025
നവംബർ
ചൊവ്വ
വൃശ്ചികം 2

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 286 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-286 പേജ് 4. വില 2.00 രൂപ

02 സമൂഹമാധ്യമ നിരീക്ഷണം ഊർജിതമാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

03 മക്കയിൽ 40 ഇന്ത്യൻ തീർഥാടകർ ബസ് അപകടത്തിൽ മരിച്ചു

04 ഹൃദയഭേദകം കല്ലാമ

# എല്ലാവർക്കും വീടും ഭക്ഷണവും വിദ്യാഭ്യാസവും ചികിത്സയും

## എൽഡിഎഫ് പ്രകടനപത്രിക



തിരുവനന്തപുരം : എല്ലാവർക്കും ക്ഷേമവും വികസനവും ഉറപ്പുനൽകി തദ്ദേശതെരഞ്ഞെടുപ്പിനുള്ള എൽഡിഎഫ് പ്രകടനപത്രിക. അതിദാരിദ്ര്യമുക്ത പദ്ധതിയുടെ തുടർച്ചയായി കേവല ദാരിദ്ര്യ നിർമാർജന പദ്ധതിയുൾപ്പെടെ പ്രകടനപത്രികയിലുണ്ട്. ഭരണത്തിൽ കൂടുതൽ ജനപങ്കാളിത്തവും പ്രാദേശിക സാമ്പത്തിക വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണെന്നും ഇതിനായുള്ള കർമ പരിപാടിയാണ് 2025ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിലേക്കുള്ള മാനിഫെസ്റ്റോയായി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നതെന്നും പ്രകടന പത്രികയിൽ ഉറപ്പു നൽകുന്നു.

എകെജി സെന്ററിൽ നടന്ന ചടങ്ങിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, എൽഡിഎഫ് കൺവീനർ ടി പി രാമകൃഷ്ണൻ, സിപിഐ നേതാവ് സത്യൻ മൊകേരി, ഉഴമലയ്ക്കൽ വേണുഗോപാൽ, എംഎൽഎ ആന്റണി രാജു, അഹമ്മദ് ദേവർകോവിൽ, മാത്യു ടി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

രാജ്യത്ത് വർഗീയ ധ്രുവീകരണം സൃഷ്ടിച്ചുകൊണ്ടാണ് ബിജെപി അധികാരത്തിൽ വന്നതും അധികാരം നിലനിർത്താൻ ശ്രമിക്കുന്നതും. കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനം കൈക്കൊള്ളുന്നതിനോടൊപ്പം ജമാഅത്തെ ഇസ്ലാമിയും എസ്ഡിപിഐയും പോലുള്ള തീവ്രവാദ ശക്തികളുമായി ബാന്ധവത്തിലാണ്. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ബിജെപിയും കോൺഗ്രസും തമ്മിൽ അടിസ്ഥാനപരമായി ഒരു വ്യത്യാസവുമില്ല. നിയോലിബറൽ നയങ്ങൾക്കു തുടക്കംകുറിച്ചത് കോൺഗ്രസാണ്.

ആ നയങ്ങൾ പൂർവാധികം ശക്തമായി ബിജെപി മുന്നോട്ട് കൊണ്ടുപോവുകയാണ്. സാമ്പത്തിക അഭിവൃദ്ധിയോടൊപ്പം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളും ക്ഷേമവും ഉറപ്പുവരുത്താനുതകുന്ന ഒരു സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാ നടപ്പാക്കുന്നതെന്നും പ്രകടനപത്രികയിൽ പറയുന്നു.

# ബിഹാറിൻെറ മുഖ്യമന്ത്രിയായി നിതീഷ് കുമാർ വീണ്ടും അധികാരമേൽക്കും; സത്യപ്രതിജ്ഞ വ്യാഴാഴ്ച

പാറ്റ്ന: ബിഹാറിൽ ജെഡി-യു നേതാവ് നിതീഷ് കുമാറിൻറെ നേതൃത്വത്തിലുള്ള പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ വ്യാഴാഴ്ച (നവംബർ 20) നടക്കും. പാറ്റ്നയിലെ ഗാന്ധി മൈതാനത്തായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങുകൾ നടക്കുകയെന്നാണ് എൻഡിഎ നേതാക്കൾ അറിയിച്ചത്. സത്യപ്രതിജ്ഞാ ചടങ്ങിന് പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അടക്കമുള്ള പ്രമുഖർ പങ്കെടുക്കും എന്നാണ് സൂചന. മുഖ്യമന്ത്രിയായി നിതീഷ് സത്യപ്രതിജ്ഞ ചെയ്യുക പത്താം തവണയാണ്. ഇത്തവണ വൻ വിജയം നേടിയാണ് നിതീഷ് കുമാറിൻറെ നേതൃത്വത്തിലുള്ള എൻഡിഎ ബിഹാറിൽ വീണ്ടും അധികാരത്തിലെത്തുന്നത്. 202 സീറ്റുകളാണ് എൻഡിഎയ്ക്ക് ലഭിച്ചത്. മഹാസഖ്യത്തിന് 35 സീറ്റുകളിൽ മാത്രമാണ് വിജയിക്കാനായത്.

# വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഷെയ്ഖ് ഹസീനയെ കൈമാറണമെന്ന് ബംഗ്ലാദേശ്

ന്യൂഡൽഹി: വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയേയും മുൻ ആഭ്യന്തര മന്ത്രി അസദുസമാൻ ഖാൻ കമാലിനെയും ഉടൻ കൈമാറണമെന്ന് ഇന്ത്യയോട് ബംഗ്ലാദേശ്.

ബംഗ്ലാദേശും ഇന്ത്യയും തമ്മിലുള്ള ഉഭയകക്ഷി കൈമാറ്റ കരാർ പ്രകാരം രണ്ട് കുറ്റവാളികളെയും കൈമാറണം എന്ന് ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട വ്യക്തികൾക്ക് അഭയം നൽകുന്നത് സൗഹൃദപരമല്ലാത്ത പ്രവൃത്തിയും നീതിയോടുള്ള അവഗണനയുമായി കണക്കാക്കുമെന്നും ഇന്നോ നാളെയോ രേഖാമൂലം ഇന്ത്യയോട് ആവശ്യം ഉന്നയിക്കും എന്നും ബംഗ്ലദേശ് വിദേശകാര്യ വക്താവ് വ്യക്തമാക്കി.

അതേസമയം, മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി ബന്ധപ്പെട്ട് ഇൻറർനാഷണൽ ക്രൈംസ് ട്രൈബ്യൂണൽ ഓഫ് ബംഗ്ലാദേശ് പ്രഖ്യാപിച്ച വിധി ഇന്ത്യ ശ്രദ്ധിച്ചു എന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു.

ബംഗ്ലാദേശിലെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിന് ഇന്ത്യ പ്രതിബദ്ധമാണെന്നും ബംഗ്ലാദേശിൻറെ സ്ഥിരത, സമാധാനം, ജനാധിപത്യം എന്നിവയ്ക്ക് എല്ലാ കക്ഷികളുമായും ആശയവിനിമയം തുടരുമെന്നും ഇന്ത്യ വ്യക്തമാക്കി.

2013 ജനുവരി 28നാണ് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ കുറ്റവാളി കൈമാറ്റ ഉടമ്പടി ഒപ്പുവച്ചത്.

# ഡീലിമിറ്റേഷൻ കമ്മീഷൻ വിജ്ഞാപനം : അപ്പീലുകൾ ഡിവിഷൻ ബെഞ്ച് തള്ളി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിനായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ എല്ലാ റിട്ട് അപ്പീലുകളും കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി.

ഒക്ടോബർ 7 നും 13 നും വന്ന സിംഗിൾ ബെഞ്ച് വിധിക്കെതിരെ ഹർജിക്കാർ ഡിവിഷൻ ബെഞ്ചിന് നൽകിയ അപ്പീലുകളാണ് ഹൈക്കോടതി തള്ളുകയും, സിംഗിൽ ബെഞ്ച് വിധി ശരിവെയ്ക്കുയും ചെയ്തത്.

നിയമപരമായി നിലനിൽക്കുന്നതല്ലെന്ന കാരണത്താൽ 103 ഹർജികളാണ് സിംഗിൾ ബെഞ്ച് കോടതി നേരത്തെ നിരസിച്ചത്. ഹർജികളിൽ ഉന്നയിച്ച പരാതികളെല്ലാം സമാനസ്വഭാവമുള്ളതാണെന്ന നിഗമനത്തിൽ കോടതി എല്ലാ ഹർജികളെയും ഒരുമിച്ചാണ് പരിഗണിച്ചത്.

ഭരണഘടനയുടെ അനുഛേദം 243 ഛ(മ), 243ദഏ പ്രകാരം ഡീലിമിറ്റേഷൻ കമ്മീഷന്റെ ഉത്തരവുകൾ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതാണെന്നും സിംഗിൾ ബെഞ്ച് നിരീക്ഷിച്ചിരുന്നു. ഹർജികൾക്കെതിരായി ഡീലിമിറ്റേഷൻ കമ്മീഷൻ ഉന്നയിച്ച പ്രാഥമികമായ വാദങ്ങൾക്കെല്ലാം നിയമപരമായ സാധുത ഉണ്ടെന്നും സിംഗിൾ ബെഞ്ചിന്റെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

സിംഗിൾ ബെഞ്ചിന്റെ ഉത്തരവും നിരീക്ഷണങ്ങളും ശരിവച്ചുകൊണ്ടാണ് ഡിവിഷൻ ബെഞ്ച് അപ്പീലുകളെല്ലാം തള്ളിയത്. ഡീലിമിറ്റേഷൻ കമ്മീഷന് വേണ്ടി സ്റ്റാന്റിങ് കൗൺസൽ അഡ്വ. ദീപു ലാൽ മോഹൻ ഹാജരായി.

# കാലിക്കറ്റ് സർവകലാശാല വിസി നിയമനം: സർക്കാർ നൽകിയ ഹർജി ഹൈക്കോടതിയിൽ

കൊച്ചി: കാലിക്കറ്റ് സർവകലാശാലയിലെ വിസി നിയമനത്തിന് ഗവർണർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് സർക്കാർ നൽകിയ ഹർജി ഹൈക്കോടതി ഇന്നു പരിഗണിക്കും. സെർച്ച് കമ്മിറ്റി രൂപീകരിച്ച് ഒക്ടോബർ 31നും വിസി സ്ഥാനത്തേക്ക് അപേക്ഷ ക്ഷണിച്ച് നവംബർ മൂന്നിനും പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് ഹർജി. കാലിക്കറ്റ് സർവകലാശാല വിസിയുടെ കാലാവധി 2024 നവംബർ പത്തിന് അവസാനിച്ചതിനാൽ കെമസ്ട്രി വിഭാഗം പ്രഫസർ ഡോ. പി. രവീന്ദ്രന് താൽക്കാലിക ചുമതല നൽകിയിരിക്കുകയാണ്. സെനറ്റ് പ്രതിനിധിയായ പ്രഫ. എ. സാബു നവംബർ ഒമ്പതിന് സെർച്ച് കമ്മിറ്റിയിൽ നിന്ന് രാജി വെച്ചതിനാൽ ചാൻസലർ പുറപ്പെടുവിച്ച വിജ്ഞാപനം നിയമപരമല്ലെന്നാണ് ഹർജിയിൽ ചൂണ്ടിക്കാട്ടുന്നത്. വിശദീകരണത്തിന് ചാൻസലറുടെ അഭിഭാഷകൻ സമയം തേടിയതിനെത്തുടർന്നാണ് ഹർജി ഇന്ന് വീണ്ടും പരിഗണിക്കാൻ ജസ്റ്റിസ് വി. ജി. അരുൺ മാറ്റിയത്.

# നിയമപോരാട്ടം അവസാനിപ്പിച്ചു; ഹർജി എം.സ്വരാജ് പിൻവലിച്ചു

കൊച്ചി: തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കെ.ബാബുവിൻറെ വിജയം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് എം.സ്വരാജ് സുപ്രീം കോടതിയിൽ നൽകിയ ഹർജി പിൻവലിച്ചു.

കെ. ബാബു മതചിഹ്നം ഉപയോഗിച്ച് വോട്ട് തേടിയെന്നായിരുന്നു എൽഡിഎഫ് സ്ഥാനാർഥിയായിരുന്ന എം. സ്വരാജിൻറെ ആരോപണം.

എന്നാൽ ബാബുവിൻറെ വിജയം ഹൈക്കോടതി ശരിവച്ചിരുന്നു. ഇതിന് എതിരെയാണ് സ്വരാജ് സുപ്രീം കോടതിയെ സമീപിച്ചത്. സ്വരാജിൻറെ അപ്പീലിൽ സുപ്രീം കോടതി നോട്ടീസ് അയച്ചെങ്കിലും വാദം കേൾക്കൽ ആരംഭിച്ചിരുന്നില്ല. ഹർജി അപ്രസക്തമായെന്നും അതിനാൽ പിൻവലിക്കുകയാണെന്നും സ്വരാജ് സുപ്രീംകോടതിയെ അറിയിച്ചിരുന്നു.

തുടർന്നാണ് ഹർജി പിൻവലിക്കാൻ സുപ്രീംകോടതി അനുമതി നൽകിയത്. ഇതോടെ തൃപ്പൂണിത്തുറ തെരഞ്ഞെടുപ്പ് കേസിലെ നടപടികൾ അവസാനിച്ചു.

# വിദ്യാർഥികൾ തമ്മിലുള്ള തർക്കത്തിൽ ഇടപെട്ടു; യുവാവ് കുത്തേറ്റു മരിച്ചു

തിരുവനന്തപുരം: വിദ്യാർഥികൾ തമ്മിലുള്ള തർക്കത്തിൽ ഇടപെട്ട യുവാവ് കുത്തേറ്റു മരിച്ചു. തിങ്കളാഴ്ച വൈകുന്നേരം തിരുവനന്തപുരത്തുവച്ചുണ്ടായ സംഭവത്തിൽ രാജാജിനഗർ സ്വദേശി അലൻ (19) ആണ് കുത്തേറ്റ് മരിച്ചത്.

സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള തർക്കത്തിൽ ഇടപെടുന്നതിനിടെയാണ് അലനു കുത്തേറ്റത്. കളിക്കുന്നതിനെ ചൊല്ലിയുള്ള തർക്കമാണ് സംഘർഷത്തിൽ കലാശിച്ചതെന്നാണ് സൂചന. കുത്തേറ്റ അലനെ രണ്ട് വിദ്യാർഥികൾ ചേർന്ന് ബൈക്കിലാണ് ആശുപത്രിയിൽ എത്തിച്ചത്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# ശബരിമല സ്വർണക്കൊള്ള: സന്നിധാനത്ത് സ്വർണപ്പാളി ഇളക്കിമാറ്റി എസ്ഐടിയുടെ പരിശോധന

പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ളയിൽ സന്നിധാനത്ത് നിർണായക തെളിവെടുപ്പ്. സാമ്പിളുകൾ ശേഖരിക്കുന്നതിന് വേണ്ടി ദ്വാരപാലക ശിൽപങ്ങളിലെ സ്വർണപ്പാളിയും ശ്രീകോവിലിൻറെ വലതുഭാഗത്തെ പാളികളും ഇളക്കിമാറ്റിയിട്ടുണ്ട്.

സ്വർണപ്പാളികളുടെ തൂക്കം നിർണയിക്കും. പരിശോധനകൾക്ക് ശേഷം ഇവ വീണ്ടും പുനഃസ്ഥാപിക്കും. ഹൈക്കോടതിയുടെ നിർദേശപ്രകാരമാണ് പ്രത്യേക അന്വേഷണ സംഘത്തിൻറെ നടപടി. എസ്പി ശശിധരൻറെ നേതൃത്വത്തിലുള്ള സംഘമാണ് ശബരിമലയിലെത്തിയിട്ടുള്ളത്. ശാസ്ത്രീയ പരിശോധനയ്ക്കു വിദഗ്ധരായവർ സംഘത്തിലുണ്ട്.

ഹൈക്കോടതിയുടെ നിർദേശപ്രകാരമുള്ള പരിശോധന ഉച്ചപൂജ കഴിഞ്ഞു നട അടച്ചശേഷം നടത്താനാണ് തന്ത്രി കണ്ഠര് മഹേഷ് മോഹനര് അനുമതി നൽകിയത്. ഉച്ചപൂജ വേളയിൽ തന്ത്രി കണ്ഠര് മഹേഷ് മോഹനര് കലശമാടി അനുജ്ഞ വാങ്ങി. തുടർന്നാണ് പരിശോധന നടന്നത്. ശബരിമല ശ്രീകോവിലിൽ 1998ൽ വിജയ് മല്യ സ്വർണം പൊതിഞ്ഞു സ്ഥാപിച്ച ചെമ്പുപാളികൾ തന്നെയാണോ 2019ൽ ഉണ്ണികൃഷ്ണൻ പോറ്റി സ്വർണം പൂശി ഘടിപ്പിച്ചതെന്ന് കണ്ടെത്തുകയാണ് പ്രധാന ലക്ഷ്യം. ദ്വാരപാലക ശില്പങ്ങൾ, കട്ടിളപ്പാളികൾ, വാതിൽപ്പാളികൾ എന്നിവയിൽ പൊതിഞ്ഞിട്ടുള്ള സ്വർണത്തിൻറെ അളവ് കേസിൻറെ ഭാഗമായി എസ്ഐടിക്കു കണ്ടെത്തേണ്ടതുണ്ട്.

# എസ് യു ഡി ലൈഫിന് 2025ലെ ലൈഫ് ഇൻഷുറർ ഓഫ് ദി ഇയർ പുരസ്കാരം

തിരുവനന്തപുരം: ഇന്ത്യയിലെ പ്രമുഖ പൊതു മേഖലാ ബാങ്കുകളായ ബാങ്ക് ഓഫ് ഇന്ത്യയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും, ജപ്പാനിലെ ദൈഇച്ചി ലൈഫ് ഇന്റർനാഷണൽ ഹോൾഡിങ്സും ചേർന്നുള്ള സംയുക്ത സംരംഭമായ എസ് യു ഡി ലൈഫ് 2025ലെ ലൈഫ് ഇൻഷുറർ ഓഫ് ദി ഇയർ പുരസ്കാരം നേടി. എട്ടാമത് ധനം ബി എഫ് എസ് ഐ സമ്മിറ്റ് ആൻഡ് അവാർഡ് നൈറ്റിൽ പുരസ്കാരം സമ്മാനിച്ചു. ഇന്ത്യയിലെ ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

ഒരു ട്രില്ല്യൺ രൂപയിൽ താഴെ അസറ്റ്സ് അണ്ടർ മാനേജ്മെന്റ് (എയുഎം) ഉള്ള ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കുള്ള വിഭാഗത്തിൽ നൽകിയ ഈ അവാർഡിനായി 2024 25 സാമ്പത്തിക വർഷത്തിലെ ആറ് പ്രധാന സാമ്പത്തിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള കർശനമായ വിലയിരുത്തലിനുശേഷമാണ് എസ് യുഡി ലൈഫിനെ തിരഞ്ഞെടുത്തത്.

# വിഴിഞ്ഞത്ത് വ്യാജ ബോംബ് ഭീഷണി

വിഴിഞ്ഞം: മുക്കോലയിൽ പ്രവർത്തിക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിൽ വ്യാജ ബോംബ് ഭീഷണി. ബാങ്കിനുള്ളിൽ ബോംബ് വച്ചിട്ടുണ്ട്. 11.00 മണിക്ക് പൊട്ടിത്തെറിക്കും. അതിനാൽ ജീവനക്കാർ 10.30 ന് മുൻപേ ബാങ്കിൽ നിന്ന് ഒഴിഞ്ഞു പോകണമെന്നുമായിരുന്നു ഭീഷണി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പരിധിയിലുള്ളതും ഇതേ ബാങ്കിന്റെ ഒന്നാം നിലയിൽ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയുടെ( എം.എസ്. സി) തിരുവനന്തപുരം ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ചെങ്കോട്ടയിൽ കാർബോംബ് സ്ഫോടനം നടന്ന പശ്ചാത്തലത്തിൽ ബാങ്കിന് ലഭിച്ചത് വ്യാജ ബോംബ് ഭീഷണിയാണെങ്കിലും അതീവ ഗൗരവത്തോടെയാണ് പോലീസ് ഇക്കാര്യം അന്വേഷിക്കുക.

ബാങ്കിന്റെ ഔദ്യോഗിക മെയിലിൽ തിങ്കളാഴ്ച രാവിലെ ഏഴോടെയായിരുന്നു സന്ദേശം ലഭിച്ചത്. മെയിലുകൾ പരിശോധിക്കുന്നതിനിടെ അസി. ജനറൽ മാനേജർ ലക്ഷ്മിദേവിയാണ് ബോംബ് ഭീഷണിയെക്കുറിച്ചുള്ള ഇ മെയിൽ സന്ദേശം ശ്രദ്ധിക്കുന്നത്. ഉടൻ തന്നെ ഇവരുടെ തലസ്ഥാനത്തുള്ള റീജിനൽ വിഭാഗത്തിലും തുടർന്ന് സെക്യൂരിറ്റി വിഭാഗത്തിലും അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസിലും അടിയന്തരമായി വിവരം നൽകി.



# ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഇടിയോടുകൂടി മഴയെത്തും; ആറു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ യെല്ലോ അലർട്ടാണ്. ചൊവ്വാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിലും ബുധനാഴ്ച കോട്ടയം, ഇടുക്കി ജില്ലകളിലും വ്യാഴാഴ്ച പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, ഇന്ന് തെക്കൻ ആന്ധ്രാപ്രദേശ് തീരം, തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ചൊവ്വാഴ്ച ആൻഡമാൻ കടലിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ബുധനാഴ്ച ആൻഡമാൻ കടൽ, തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വ്യാഴാഴ്ച തെക്കൻ ആന്ധ്രാപ്രദേശ് തീരം, ആൻഡമാൻ കടൽ, തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ, തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

# അധികാരമല്ല, ആദർശമാണ് വലുത്: സിപിഐ വിട്ട് കോൺഗ്രസിൽ ചേർന്ന ശ്രീനാദേവി കുഞ്ഞമ്മ

തിരുവനന്തപുരം: സിപിഐ വിട്ട് കോൺഗ്രസിൽ ചേർന്ന ശ്രീനാദേവി കുഞ്ഞമ്മയെ ദീപാദാസ് മുൻഷിയും കെപിസിസി അധ്യക്ഷൻ സണ്ണിജോസഫും ചേർന്ന് ഷോൾ അണിയിച്ച് സ്വീകരിച്ചു. മുൻ ജില്ലാ പഞ്ചായത്തംഗമായിരുന്നു ശ്രീനാദേവിക്ക് സിപിഐ ടിക്കറ്റിൽ മത്സരിച്ച പള്ളിക്കൽ ഡിവിഷൻ തന്നെ മത്സരിക്കാൻ നൽകുമെന്നാണ് വിവരം

അധികാരമല്ല വലുത്, ആദർശമാണ് വലുതെന്ന് ശ്രീനാദേവി പറഞ്ഞു. അഴിമതിക്കെതിരെ പ്രതികരിച്ചതിന് ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണ് താനെന്നും ശ്രീനാദേവി കൂട്ടിച്ചേർത്തു.

നവംബർ മൂന്നിനാണ് ശ്രീനാദേവി സിപിഐ വിട്ടത്. സിപിഐ വിട്ടുവെന്നും പാർട്ടിയുടെയും എഐവൈഎഫിൻറെ എല്ലാ സ്ഥാനങ്ങളും രാജിവച്ചതായും ശ്രീനാദേവി കുഞ്ഞമ്മ മാധ്യമങ്ങളെ അറിയിക്കുകയായിരുന്നു.

നേതൃത്വത്തിൽ വിശ്വാസം നഷ്ടപ്പെട്ടു. ഒട്ടനവധി പരാതികൾ സിപിഐ സംസ്ഥാന നേതൃത്വത്തിന് നൽകിയതാണ്. എന്നാൽ ഒരു നടപടിയും ഉണ്ടായില്ലെന്നും ശ്രീനാദേവി പറഞ്ഞു.

ഏറെക്കാലമായി നേതൃത്വവുമായി ഇടഞ്ഞു നിൽക്കുകയായിരുന്നു. നേരത്തെ, രാഹുൽ മാങ്കൂട്ടത്തിൽ വിവാദവുമായി ബന്ധപ്പെട്ട് ഫേസ്ബുക്കിൽ പോസ്റ്റ് ഇട്ടിരുന്നു. ഈ വിഷയത്തിൽ ശ്രീനാദേവിയെ തള്ളുന്ന നിലപാടാണ് സിപിഐ കൈക്കൊണ്ടത്.

# ബിഎൽഒയുടെ ആത്മഹത്യ; സംസ്ഥാനത്ത് ബിഎൽഒമാർ ഇന്ന് ജോലി ബഹിഷ്കരിക്കും

കണ്ണൂർ: ബിഎൽഒ അനീഷ് ജോർജ് ആത്മഹത്യ ചെയ്ത സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി ബിഎൽഒമാർ ജോലി ബഹിഷ്കരിക്കും.

രാവിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലേക്കും ജില്ലാ വരണാധികാരികളുടെ ഓഫീസിലേക്കും പ്രതിഷേധ മാർച്ചും നടത്തും.

അനീഷ് ജോർജിൻറെ ആത്മഹത്യയുടെ ഉത്തരവാദിത്തം തെരഞ്ഞെടുപ്പ് കമ്മീഷനാണെന്ന് സംയുക്ത സമരസമിതി നേതാക്കൾ വ്യക്തമാക്കി. സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ആക്ഷൻ കൗണസിലും അധ്യാപക സർവീസ് സംഘടന സമരസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ആണ് പ്രതിഷേധം.

അനീഷിൻറെ ആത്മഹത്യ തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ സമ്മർദം കാരണമെന്നാണ് കുടുംബത്തിൻറെ ആരോപണം. എന്നാൽ എസ്ഐആർ ജോലികളും മരണവും തമ്മിൽ ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ലെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കി. അതേസമയം അനീഷിൻറെ സംസ്കാരം ഇന്ന് നടക്കും. വൈകിട്ട് മൂന്നിന് ഏറ്റുകുടുക്ക ലൂർദ് മാതാ കത്തോലിക്കാ പള്ളിയിലാണ് ചടങ്ങുകൾ.

# ബി.എസ്.സി നഴ്സിംഗ് : സ്പോട്ട് അലോട്ട്മെന്റ്

2025-26 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് സർക്കാർ/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് നവംബർ 19 ന് എൽ.ബി.എസ് സെന്റർ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ രാവിലെ 10 മണിക്ക് നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ രാവിലെ 10.30 നകം നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. മുൻ അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ എൻ.ഒ.സി ഓൺലൈനായി സമർപ്പിക്കണം. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം ഫീസ് അടയ്ക്കണം. അലോട്ട്മെന്റിനുശേഷം കോഴ്സ്/ കോളേജ് മാറ്റം അനുവദിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in

# എറണാകുളത്ത് കവർച്ച ചോദ്യം ചെയ്തയാളെ തീകൊളുത്തി കൊല്ലാൻ ശ്രമം; പ്രതി പിടിയിൽ

കൊച്ചി: എറണാകുളം കടവന്ത്രയിൽ പോക്കറ്റിൽ നിന്ന് പണം കവർന്നത് ചോദ്യം ചെയ്തയാളെ തീകൊളുത്തി കൊല്ലാൻ ശ്രമം. ഇന്ന് പുലർച്ചെയാണ് കൊലപാതകശ്രമം ഉണ്ടായത്.

റോഡരികിൽ കിടന്നുറങ്ങിയ പിറവം സ്വദേശി ജോസഫിനെയാണ് കൊല്ലാൻ ശ്രമിച്ചത്. പെട്രോൾ ശരീരത്തിലേക്ക് ഒഴിച്ച് തീ കൊളുത്തിയായിരുന്നു കൊലപാതകശ്രമം.

സംഭവത്തിൽ കൊച്ചി സ്വദേശി ആൻറപ്പനെ പോലീസ് പിടികൂടി. പൊള്ളലേറ്റ ജോസഫ് ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

# സ്വർണപ്പാളിയുടെ പേരിൽ സർക്കാരിൻറെ ഇമേജ് നശിപ്പിക്കാൻ ശ്രമിക്കുന്നത് ശരിയല്ല: വെള്ളാപ്പള്ളി നടേശൻ

ആലപ്പുഴ: തദ്ദേശ തെരഞ്ഞെടുപ്പ് സർക്കാരിൻറെ വിലയിരുത്തലാകില്ലെന്ന് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. സ്വർണപ്പാളി വിവാദം തെരഞ്ഞെടുപ്പിനെ ബാധിക്കില്ലെന്നും സ്വർണപ്പാളിയുടെ പേരിൽ സർക്കാരിൻറെ ഇമേജ് നശിപ്പിക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു. ജനങ്ങൾ അരി ആഹാരം കഴിച്ച് ജീവിക്കുന്നവരാണെന്നും വെള്ളാപ്പള്ളി പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പിന്നാക്കക്കാർക്ക് പരിഗണനയും പരിരക്ഷയും ലഭിച്ചതിൽ സന്തോഷമുണ്ട്. നാമനിർദേശപത്രിക നൽകിയതിൽ കൂടുതലും പിന്നാക്കകാരാണ്. ഭരിക്കാൻ മറ്റുള്ളവരും വോട്ട് ചെയ്യാൻ പിന്നാക്കക്കാരും എന്ന അവസ്ഥ മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. അരൂരിലെ ഗർഡർ അപകടത്തിൽ ശ്രദ്ധക്കുറവുണ്ടായി. ആരുടെയോ പിൻബലം ഉള്ളത് കൊണ്ട് കരാറുകാരന് ധാർഷ്ഠ്യ സമീപനമാണ്. ടാക്സ് അടച്ച് ഓടുന്ന വാഹനങ്ങൾക്ക് സുഖമായി യാത്ര ചെയ്യാൻ പറ്റുന്നില്ലെന്നും വെള്ളാപ്പള്ളി ആരോപിച്ചു.

# മലപ്പുറത്ത് ബൈക്കും ചരക്കു ലോറിയും കൂട്ടിയിടിച്ച് വിദ്യാർഥിനി മരിച്ചു

മലപ്പുറം: നെടിയിരുപ്പിന് സമീപം ബൈക്കും ചരക്കു ലോറിയും കൂട്ടിയിടിച്ച് വിദ്യാർഥിനി മരിച്ചു. കോഴിക്കോട് കാരന്തൂർ കല്ലറ നഗറിൽ പരേതനായ ഗോപിനാഥന്റെ മകൾ ഗീതികയാണ് (17) മരിച്ചത്. ആർഇസി ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥിനിയാണ്. ശനിയാഴ്ച രാത്രി നെടിയിരുപ്പ് മില്ലുംപടിയിലാണ് അപകടം നടന്നത്. ഗീതികയും ബന്ധുവും സഞ്ചരിച്ച ബൈക്കും എതിരെ വന്ന ചരക്കുലോറിയും കൂട്ടിയിടിക്കുകയായിരുന്നു.

ബൈക്ക് യാത്രികരെ നാട്ടുകാർ ഉടൻ കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലും എത്തിച്ചിരുന്നു. എന്നാൽ ഗുരുതരമായി പരിക്കേറ്റ ഗീതികയെ രക്ഷിക്കാനായില്ല. പുൽപറ്റ പൂക്കളത്തൂരിലെ അമ്മയുടെ വീട്ടിൽ നിന്ന് ബന്ധു മിഥുൻറെ കൂടെ ബൈക്കിൽ കോഴിക്കോട്ടേക്ക് പോവുകയായിരുന്നു ഗീതിക. പരിക്കേറ്റ മിഥുൻ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ കൊണ്ടോട്ടി പോലീസ് കേസെടുത്തു.

# നഴ്സിംഗ് കോഴ്സുകളിൽ സ്പോട്ട് അലോട്ട്മെന്റ്

2025-26 വർഷത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും കേരള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സിനും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കിഴിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് സ്ഥാപനങ്ങളിലെ ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സിനും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് എൽ.ബി.എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നവംബർ 21 ന് നടത്തും. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് രാവിലെ 11 മണിയ്ക്കകം ഏതെങ്കിലും എൽ.ബി.എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാം. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള Authorisation form മുഖേന പങ്കെടുക്കാം. അലോട്ട്മെന്റ് ലഭിക്കുന്നവർ ടോക്കൺ ഫീസ് അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361,

# തൃശൂരിൽ ബിജെപിക്ക് തിരിച്ചടി; കോർപറേഷനിൽ വിമത സ്ഥാനാർഥിയെ നിർത്തി പ്രവർത്തകർ

തൃശൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ തൃശൂർ കോർപ്പറേഷനിൽ ബിജെപിക്ക് വിമത സ്ഥാനാർഥി. ബിജെപി പ്രവർത്തകനായിരുന്ന സി. ആർ സുജിത്താണ് സ്വതന്ത്രനായി മത്സരിക്കാൻ ഒരുങ്ങുന്നത്. വടൂക്കര 41 ഡിവിഷനിലാണ് ബിജെപി പ്രവർത്തകർ സ്ഥാനാർഥിയെ നിർത്തിയത്. ബിജെപി നിലപാടിൽ പ്രതിഷേധിച്ച് 20 ഓളം പ്രാദേശിക ഭാരവാഹികൾ രാജി വെച്ചിരുന്നു. പാർട്ടിയിൽ നിന്നും ആർ. സുജിത്ത് രാജിവച്ചിരുന്നു. സ്ഥാനാർത്ഥി നിർണയത്തിലെ അതൃപ്തി വ്യക്തമാക്കിയാണ് സുജിത്തിൻറെ രാജി. പത്മജ വേണുഗോപാലിൻറെ സമ്മർദ്ദത്തിൽ വാർഡിൽ ബിജെപി സ്ഥാനാർഥിയെ നിർത്തിയതിൽ പ്രതിഷേധിച്ചാണ് രാജി.

# വീണ്ടും താഴേക്കിറങ്ങി സ്വർണവില; മൂന്നു ദിവസം കൊണ്ട് കുറഞ്ഞത് 2,680 രൂപ

കൊച്ചി: സംസ്ഥാനത്ത് സ്വർണവില വീണ്ടും താഴേക്ക്. ഗ്രാമിന് 10 രൂപയും പവന് 80 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 11,455 രൂപയിലും പവന് 91,640 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 10 രൂപ കുറഞ്ഞ് 9,420 രൂപയിലെത്തി.

മൂന്നു ദിവസമായി ഇടിവ് തുടരുന്ന സ്വർണവില വെള്ളിയാഴ്ച പവന് 560 രൂപയും ശനിയാഴ്ച 11,465 രൂപയും കുറഞ്ഞിരുന്നു. ഇതോടെ, കഴിഞ്ഞ നാലു ദിവസംകൊണ്ട് പവന് കുറഞ്ഞത് 2,680 രൂപയാണ്. ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ഈ മാസം അഞ്ചിന് 89,080 രൂപയായിരുന്നു പവൻ വില. ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം 10ന് വീണ്ടും 90, 000നു മുകളിലെത്തിയിരുന്നു. പവന് 880 രൂപയും ഗ്രാമിന് 110 രൂപയുമാണ് ഉയർന്നത്. പിന്നാലെ 11ന് ഗ്രാമിന് 225 രൂപയും പവന് 1,800 രൂപയും ഒറ്റയടിക്ക് വർധിച്ചു. എന്നാൽ ഉച്ചയ്ക്കു ശേഷം, ഗ്രാമിന് 40 രൂപയും പവന് 320 രൂപയും കുറയുകയാണുണ്ടായത്. 12ന് പവന് 240 രൂപ കുറഞ്ഞ ശേഷം 13ന് രാവിലെയും ഉച്ചയ്ക്കുമായി 2,280 രൂപ ഉയർന്ന് പവൻ 94,320 രൂപയിൽ എത്തി. പിന്നീടാണ് സ്വർണവില ഇടിയാൻ തുടങ്ങിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

# പബ്ലിക് ഹെൽത്ത് പി.ജി.: 24 വരെ അപേക്ഷിക്കാം

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം 2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1,800 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 900 രൂപയുമാണ്. അപേക്ഷകർക്ക് നവംബർ 22 വരെ ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് അടയ്ക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈനായി www.lbscentre.kerala.gov.in ൽ രജിസ്റ്റർ ചെയ്യാം. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യാം. അപേക്ഷാഫീസ് അടച്ചവർ നവംബർ 24 നകം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കണം.

നവംബർ 29 ന് തിരുവനന്തപുരത്ത് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ എൽ.ബി.എസ്സ് ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയാണ് കോഴ്സിലേക്കുള്ള പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 04712560361, 362, 363, 364.

## ലേലം മാറ്റി

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ വടക്കാഞ്ചേരി റിവർ ഫേസ്-1 പദ്ധതിയുടെ അനന്തരഫലമായി ഇരുകരകളിലുമായി നിക്ഷേപിച്ച മണ്ണിന്റെ ലേല നടപടികൾ മാറ്റിവച്ചു.

## തുല്യതാ കോഴ്സുകൾ

ഏഴാംക്ലാസ്സ് വിജയിച്ച 17 വയസ്സ് പൂർത്തിയായവർക്ക് പത്താംതരം തുല്യതയ്ക്കും പത്താംക്ലാസ് വിജയിച്ച 22 വയസ്സ് പൂർത്തിയായവർക്ക് ഹയർസെക്കൻഡറി തുല്യതയ്ക്കും പഠിക്കാൻ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ: 8075047569.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ' ഫെല്ലോഷിപ്പ് ഇൻ ഓങ്കോളജിക് ഇമേജിങ് ' പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. നവംബർ 24 വൈകിട്ട് 4 മണി വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

## അഭിമുഖം മാറ്റി

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മെക്കാനിക്കൽ എൻജിനിയറിങ് അപ്രന്റീസുകളുടെ നിയമനത്തിനായി നവംബർ 20ന് നടത്താൻ നിശ്ചയിച്ചിരുന്ന അഭിമുഖം മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# ടൈംടേബിൾ പ്രസിദ്ധീകരിച്ചു

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡിസംബർ 1ന് ആരംഭിക്കുന്ന ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ നഴ്സ് ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷാസെന്റർ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളജ് മാത്രമാണ്.

പരീക്ഷാ ടൈം ടേബിൾ എല്ലാ സർക്കാർ/ എയിഡഡ് ആയുർവേദ കോളജുകളിലും സ്വാശ്രയ ആയുർവേദ കോളജുകളിലും/ സ്ഥാപനങ്ങളിലും www.govtayurvedacollegetvm.nic.in, www.gack.kerala.gov.in, www.ayurvedacollege.ac.in വെബ്സൈറ്റുകളിലും ലഭ്യമാണ്. ഹാൾടിക്കറ്റ് നവംബർ 25 മുതൽ പരീക്ഷ സെന്ററായ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളജിൽനിന്നും വിതരണം ചെയ്യും. മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർഥികൾക്ക് പരീക്ഷാ ദിവസങ്ങളിൽ ഹാൾടിക്കറ്റ് കൈപ്പറ്റാം.

പരീക്ഷയിൽ പങ്കെടുക്കുമ്പോൾ വിദ്യാർഥികൾ ഹാൾടിക്കറ്റിനോടൊപ്പം ഏതെങ്കിലും അംഗീകരിക്കപ്പെട്ട തിരിച്ചറിയൽ രേഖ കൂടി കൈവശം കരുതണം.

# സമൂഹമാധ്യമ നിരീക്ഷണം ഊർജിതമാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിനു വേണ്ടി സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന കണ്ടന്റുകളുടെ നിരീക്ഷണം ഊർജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പുറത്തിറക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ഓഡിയോ, വീഡിയോ, ഡിസ്പ്ലേ, എ ഐ ജനറേറ്റഡ് കണ്ടന്റുകൾ കർശനമായി പരിശോധിക്കും. എല്ലാ തദ്ദേശസ്ഥാപന നിയോജകമണ്ഡലങ്ങളിലും ഇത് പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാരോട് കമ്മീഷൻ നിർദേശിച്ചു.

കേരള പോലീസ് സോഷ്യൽ മീഡിയ പട്രോളിംഗിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രചാരണങ്ങളുടെ ഓഡിറ്റിങ് നടത്തുന്നുണ്ട്. വിവിധ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിലെ ഗ്രൂപ്പുകളുടെ, പ്രത്യേകിച്ച് വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രചരണപ്രവർത്തനങ്ങൾ നിരീക്ഷണത്തിന് വിധേയമാക്കും. വ്യാജമായതോ, ദോഷകരമായതോ, അപകീർത്തികരമായതോ ആയ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കും. വാട്സാപ് ഗ്രൂപ്പുകൾ വഴി അത്തരം കണ്ടന്റുകൾ പ്രചരിപ്പിക്കുന്നതിൽ സൈബർ പോലിസ് നിരീക്ഷണം കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ കണ്ടന്റുകൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യാൻ നിർദ്ദേശിക്കും. നീക്കം ചെയ്യാത്തപക്ഷം നിയമപരമായ നടപടികൾ പോലീസ് സ്വീകരിക്കും.

തിരഞ്ഞെടുപ്പിലെ മാധ്യമ സംബന്ധിയായ വിഷയങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച മീഡിയ റിലേഷൻസ് കമ്മിറ്റിയുടെ ആദ്യ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്നു. പത്ര, ദൃശ്യ, ശ്രവ്യ, സമൂഹ മാധ്യമങ്ങൾ വഴി പ്രചരിക്കുന്ന ഉള്ളടക്കങ്ങൾ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ജില്ലകളിലും കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

കണ്ടന്റുമായി ബന്ധപ്പെട്ട പരാതികളിൽ, സമർപ്പിക്കുന്നവരുടെ പേര്, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തണം. നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിക്കുന്ന കണ്ടന്റുകളിൽ അവ എ.ഐ നിർമ്മിതമാണെന്ന് നിർബന്ധമായും രേഖപ്പെടുത്തണമെന്നും അല്ലാത്തവയ്ക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യാനും യോഗം തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുതിർന്ന മാധ്യമപ്രവർത്തകൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ, കെ.യു.ഡബ്ല്യു.ജെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഷില്ലർ സ്റ്റീഫൻ, ഐ.കെ.എം ഡപ്യൂട്ടി ഡയറക്ടർ ഡോ. പി.കെ. നൗഫൽ, സൈബർ ഡോം ഇൻസ്പെക്ടർ ഓഫ് പോലീസ് കെ.ജി.കൃഷ്ണൻപോറ്റി, പിആർഡി ഡപ്യൂട്ടി ഡയറക്ടർ എം. നാഫിഹ്, കമ്മീഷൻ ലോ ഓഫീസർ പ്രീതി ആർ. നായർ, കൺസൾട്ടന്റ് എം. ഷാജഹാൻ, പി.ആർ.ഒ കെ.എം. അയ്യപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

# ലാലു കുടുംബത്തിൽ ഭിന്നത രൂക്ഷം; തേജ് പ്രതാപ് എൻഡിഎയിലേക്കെന്ന് സൂചന, രോഹിണിക്കും ക്ഷണം

പാറ്റ്ന: ആർജെഡി നേതാവും മുൻ മുഖ്യമന്ത്രിയുമായ ലാലു പ്രസാദ് യാദവിൻറെ മകൻ തേജ് പ്രതാപ് യാദവിൻറെ പാർട്ടി ജനശക്തി ജനതാദൾ (ജെജെഡി) എൻഡിഎ സർക്കാരിന് പിന്തുണ പ്രഖ്യാപിച്ചതായി സൂചന. തേജ്പ്രതാപ് യാദവിനെ തങ്ങളുടെ ചേരിയിലെത്തിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി എൻഡിഎ നേതാക്കൾ ഞായറാഴ്ച രാത്രി അദ്ദേഹത്തിനെ കണ്ടിരുന്നു.

തെരഞ്ഞെടുപ്പിന് മുൻപ് പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട ശേഷം സ്വന്തം രാഷ്ട്രീയ കക്ഷിയുണ്ടാക്കി തെരഞ്ഞെടുപ്പിനെ നേരിട്ട തേജ് പ്രതാപ് യാദവും അദ്ദേഹത്തിൻറെ പാർട്ടി സ്ഥാനാർഥികളും എല്ലാ സീറ്റുകളിലും പരാജയപ്പെട്ടിരുന്നു. 44 സീറ്റിലാണ് ജെജെഡി മത്സരിച്ചത്.

അതേസമയം, ആർജെഡി വിട്ട സഹോദരി രോഹിണി ആചാര്യയെയും തേജ് പ്രതാപ് തൻറെ പാർട്ടിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം നടന്ന പാർട്ടി യോഗത്തിലായിരുന്നു തീരുമാനം.

തെരഞ്ഞെടുപ്പ് ഫലത്തിന് പിന്നാലെ ലാലു കുടുംബത്തിനുള്ളിൽ അതൃപ്തി പുകയുകയാണ്. രോഹിണിക്ക് പിന്നാലെ ലാലുവിൻറെ മൂന്ന് പെൺമക്കളും വീടു വിട്ടിറങ്ങി. രാജ് ലക്ഷ്മി, രാഗിണി, ചന്ദ യാദവ് എന്നിവരാണ് കുട്ടികളോടൊപ്പം പാറ്റ്നയിലെ വസതി വിട്ട് ഡൽഹിയിലേക്ക് പോയതെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

# സർക്കാർ വിരുദ്ധ കലാപം അടിച്ചമർത്തിയ കേസ്: ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ

ധാക്ക: ബംഗ്ലാദേശിൽ നടന്ന സർക്കാർ വിരുദ്ധ കലാപം അടിച്ചമർത്തിയ കേസിൽ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ. ദി ഇൻറർനാഷനൽ ക്രൈംസ് ട്രൈബ്യൂണൽ ഓഫ് ബംഗ്ലദേശാണ് (ഐസിടി-ബിഡി) ശിക്ഷ വിധിച്ചത്.

ഈ വർഷം ഓഗസ്റ്റ് മൂന്നിനാണ് ഷെയ്ഖ് ഹസീനയെ വിചാരണ ചെയ്യാൻ പ്രത്യേക ട്രൈബ്യൂണൽ അനുമതി നൽകിയത്. ഹസീനയുടെ അഭാവത്തിലും കൂട്ടക്കൊല, പീഡനം തുടങ്ങി അഞ്ച് കുറ്റകൃത്യങ്ങൾ ചുമത്തിയാണ് വിചാരണ നടന്നത്.

ഷെയ്ഖ് ഹസീന അധികാരം ഉപയോഗിച്ച് മാനവികതയ്ക്ക് മേൽ ആക്രമണം നടത്തിയതായി കോടതി വിലയിരുത്തി. പ്രക്ഷോഭകാരികൾക്ക് മേൽ മാരകായുധങ്ങൾ പ്രയോഗിക്കാൻ ഉത്തരവിട്ടു. വിദ്യാർഥികൾക്ക് നേരെ ഉണ്ടായ വെടിവയ്പ്പിനെ കുറിച്ച് ഹസീനയ്ക്ക് അറിവുണ്ടായിരുന്നു എന്നും കോടതി വിലയിരുത്തി.

ഹെലികോപ്റ്റർ ഉപയോഗിച്ച് പ്രതിഷേക്കാർക്ക് നേരെ ആക്രമണം നടത്താൻ ഷെയ്ഖ് ഹസീന നിർദേശിച്ചു. പോലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ട അബു സയ്യിദ് എന്ന വിദ്യാർഥിയുടെ മൃതദേഹ പരിശോധനാ റിപ്പോർട്ട് ഡോക്ടർമാരെ ഭീഷണിപ്പെടുത്തി തിരുത്തൽ നടത്തിയതിനു തെളിവുണ്ടെന്നും കോടതി പറഞ്ഞു. മുൻ ആഭ്യന്തരമന്ത്രി അസദുസ്മാൻ ഖാൻ കമൽ, പോലീസ് ഐജി ചൗധരി അബ്ദുല്ല അൽ മാമുൻ എന്നിവരും കേസുകളിൽ പ്രതികളാണ്. ഷെയ്ഖ് ഹസീന ഇപ്പോൾ കഴിയുന്നത് ഇന്ത്യയിലാണ്. ശിക്ഷാവിധിക്കു പിന്നാലെ ബംഗ്ലാദേശിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

# മക്കയിൽ ഇന്ത്യൻ തീർഥാടകർ യാത്ര ചെയ്ത ബസ് ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ചു; 40 പേർ മരിച്ചു

ജിദ്ദ: മക്കയിൽ ഇന്ത്യൻ തീർഥാടകർ യാത്ര ചെയ്ത ബസ് ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 40 പേർ മരിച്ചു. ഹൈദരാബാദിൽ നിന്നുള്ളവരാണ് സംഘത്തിലുള്ളതെന്നാണ് വിവരം.

മക്കയിൽ നിന്ന് മദീനയിലേയ്ക്ക് പോയ ബസാണ് അപകടത്തിൽപ്പെട്ടത്. ഇന്ത്യൻ സമയം രാത്രി ഒന്നരയോടെയാണ് അപകടം ഉണ്ടായത്. മക്കയിൽ നിന്ന് മദീനയിലേക്ക് പോയ ഉംറ തീർഥാടകരാണ് ബസ്സിലുണ്ടായിരുന്നത്.

മദീനയിൽ നിന്ന് 160 കിലോമീറ്റർ അകലെ മുഹറാസ് എന്ന സ്ഥലത്തുവെച്ചാണ് അപകടം ഉണ്ടായതെന്നാണ് വിവരം. അതേസമയം, ബസ്സിൽ എത്ര പേർ ഉണ്ടായിരുന്നതായി ഔദ്യോഗികമായി വിവരം ലഭിക്കണം. സിവിൽ ഡിഫൻസും പൊലീസും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടന്നുവരികയാണ്. ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ചതിനാൽ ബസ് പൂർണ്ണമായും കത്തിനശിച്ചു. ഇതിനാൽ മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. അപകടത്തിൽ ഒരാൾ രക്ഷപ്പെട്ടതായും വിവരമുണ്ട്. നിലവിൽ ഇന്ത്യൻ ഏജൻസികളും ഉംറ ഏജൻസികളും അപകട സ്ഥലത്തെത്തിയിട്ടുണ്ട്.

# ഉമർ നബി ചാവേർ; കൂട്ടാളി അമീർ റാഷീദ് അലി എൻഐഎ പിടിയിൽ

ന്യൂഡൽഹി: ചെങ്കോട്ടയ്ക്കു സമീപം സ്ഫോടനം നടത്തിയ ഉമർ ഉൻ നബി ചാവേർ ആയിരുന്നുവെന്ന് എൻഐഎ സ്ഥിരീകരിച്ചു. ചാവേർ ബോംബറുടെ സഹായിയെ അറസ്റ്റ് ചെയ്തു എന്ന തലക്കെട്ടോടെ പുറത്തിറക്കിയ വാർത്താക്കുറിപ്പിലാണ് ഉമറിനെ ചാവേർ എന്ന് ദേശീയ അന്വേഷണ ഏജൻസി വിശേഷിപ്പിച്ചിരിക്കുന്നത്.

കേസ് ഏറ്റെടുത്ത ശേഷം അന്വേഷണ പുരോഗതി വ്യക്തമാക്കിക്കൊണ്ടുള്ള എൻഐഎയുടെ ആദ്യ ഔദ്യോഗിക പ്രതികരണമാണിത്. ചാവേർ ഉമർ നബിയുടെ സഹായി കാഷ്മീർ സ്വദേശി അമീർ റാഷിദ് അലി എന്നയാളെ അറസ്റ്റ് ചെയ്തതായും എൻഐഎ വാർത്തക്കുറിപ്പിലൂടെ അറിയിച്ചു.

സ്ഫോടനത്തിന് ഉപയോഗിച്ച കാർ ഇയാളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഡൽഹി പോലീസിൽ നിന്നാണ് അലിയെ എൻഐഎ അറസ്റ്റ് ചെയ്യുന്നത്. കാർ ഇയാളുടെ പേരിൽ ആയതിനാൽ ഡൽഹി പോലീസ് നേരത്തേ അലിയെ കസ്റ്റഡിയിലെടുത്തിരുന്നു.

കാർ വാങ്ങുന്നതിനാണ് ഇയാൾ ഡൽഹിയിലെത്തിയതെന്നും കണ്ടെത്തി.

ഇതോടൊപ്പം കാർ ഓടിച്ചത് ഉമർതന്നെയാണെന്നു ഫോറൻസിക് പരിശോധനയിലൂടെ എൻഐഎ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഉമറുമായി വലിയതോതിൽ ഭീകരാക്രമണത്തിന് അലി പദ്ധതിയിട്ടതായി അന്വേഷണത്തിൽ കണ്ടെത്തിയതായും എൻഐഎ വ്യക്തമാക്കി. കൂടാതെ, ഉമറിൻറെ പക്കലുണ്ടായിരുന്ന മറ്റൊരു കാറും എൻഐഎ കണ്ടെത്തി പരിശോധന നടത്തി.

സ്ഫോടനവുമായി ബന്ധപ്പെട്ട് പരിക്കേറ്റവർ ഉൾപ്പെടെ ഇതുവരെ 73 സാക്ഷികളെ ചോദ്യംചെയ്തതായും ദേശീയ അന്വേഷ ഏജൻസി വ്യക്തമാക്കി.

# പാർട്ടിയെ ഒരു തരത്തിലും പ്രതിസന്ധിയിലാക്കില്ല; രാജി അഭ്യൂഹങ്ങൾ തള്ളി ഡി. കെ. ശിവകുമാർ

ബംഗളൂരു: കർണാടക പ്രദേശ് കോൺഗ്രസ് കമ്മറ്റിയുടെ അധ്യക്ഷ സ്ഥാനം രാജിവയ്ക്കുമെന്ന അഭ്യൂഹങ്ങൾ തള്ളി ഉപമുഖ്യമന്ത്രി കൂടിയായ ഡി. കെ. ശിവകുമാർ.

താൻ പാർട്ടിയെ ഒരു തരത്തിലും പ്രതിസന്ധിയിലാക്കില്ല എന്നും ശിവകുമാർ പറഞ്ഞു.

പാർട്ടിയ്ക്ക് വേണ്ടി താൻ എല്ലാ കാലത്തും പൊരുതുമെന്നും അച്ചടക്കമുള്ള പാർട്ടി പ്രവർത്തകനാണ് താൻ എന്നും ശിവകുമാർ പറഞ്ഞു. സംസ്ഥാന മന്ത്രിസഭയിൽ അഴിച്ചുപണികൾ ഉണ്ടാകുമെന്നും എന്നാൽ അതെല്ലാം മുഖ്യമന്ത്രി സിദ്ധരാമയ്യയും പാർട്ടി ഹൈക്കമാൻഡും ചേർന്നാണ് തീരുമാനിക്കുന്നതെന്നും ശിവകുമാർ വ്യക്തമാക്കി.

പാർട്ടിയെ സംസ്ഥാനത്ത് വളർത്തിയത് താൻ അടക്കമുള്ളവരാണെന്നും പിന്നെ എങ്ങനെയാണ് പാർട്ടിയെ പ്രതിസന്ധിലാക്കുകയെന്നും ശിവകുമാർ ചോദിച്ചു. പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും 2028ൽ കോൺഗ്രസ് അധികാരം നിലനിർത്തുമെന്നും അദ്ദേഹം അവകാശപ്പെട്ടു.

# ഇറ്റലിയെ തകർത്തു; ലോകകപ്പിന് യോഗ്യത നേടി നോർവെ

മിലാൻ: 2026ലെ ഫിഫ ലോകകപ്പിന് യോഗ്യത നേടി നോർവെ. ഞായറാഴ്ച നടന്ന യോഗ്യതാ മത്സരത്തിൽ കരുത്തരായ ഇറ്റലിയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് തകർത്തു. നോർവെയ്ക്ക് വേണ്ടി സൂപ്പർ താരം എർലിംഗ് ഹാലണ്ട് രണ്ട് ഗോളുകളും അൻറോണിയോ നൂസയും യോർഗെൻ സ്ട്രാൻഡ് ലാർസനും ഓരോ വീതവും നേടി. പിയോ എസ്പോസിറ്റോ ആണ് ഇറ്റലിക്കായി ഗോൾ സ്കോർ ചെയ്തത്. മത്സരത്തിൽ പരാജയപ്പെട്ടതോടെ ലോകകപ്പ് യോഗ്യതയ്ക്കായി ഇറ്റലിക്ക് പ്ലേ ഓഫിൽ കളിക്കണം. ഗ്രൂപ്പ് ഐയിൽ 24 പോയിൻറുമായി നോർവെ ഒന്നാം സ്ഥാനത്തും 18 പോയിൻറുമായി ഇറ്റലി രണ്ടാം സ്ഥാനത്തുമാണ് ഫിനീഷ് ചെയ്തത്.

# സി.എം.ഡി. അന്താരാഷ്ട്ര മൾട്ടിപ്ലയർ ട്രെയിനിംഗ് സംഘടിപ്പിച്ചു

സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡവലപ്പ്മെൻ്റ് (സി.എം.ഡി.) സംരംഭകത്വ വിദ്യാഭ്യാസം എല്ലാവർക്കും എന്ന വിഷയത്തിൽ അന്താരാഷ്ട്ര മൾട്ടിപ്ലയർ ട്രെയിനിംഗ് സംഘടിപ്പിച്ചു. അടല്ഗ ലൈഫ് ലോംഗ് ലേണിംഗ് ഹബ് റീജിയണൽ സെൻ്റർ ഫോർ സൗത്ത് ഏഷ്യയുടെ സഹകരണത്തോടെയായിരുന്നു പരിപാടി. അദ്ധ്യാപകരിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ പഠനവും കാഴ്ചപ്പാടുകളും വളർത്തിക്കൊണ്ടുവരുന്നതിന് സഹായകമാകുന്ന വിധത്തിൽ അന്താരാഷ്ട്ര പഠന പരിചയ വിനിമയത്തിന് വേദിയൊരുക്കുകയായിരുന്നു ലക്ഷ്യം. ഓസ്ട്രിയ, ഡെൻമാർക്ക്, പോർച്ചുഗൽ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ സൃഷ്ടിപരമായ ആശയങ്ങളുടെ ക്രമാനുഗതമായ വികസനം, സംരംഭക ഡിസൈൻ തിങ്കിംഗ്, വിദ്യഭ്യാസ നവീകരണം മുതലായ വിഷയങ്ങളിൽ സെഷനുകൾ കൈകാര്യം ചെയ്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ സി. ഇ. ഒ. അനൂപ് അംബിക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സി.എം.ഡി. ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് സി. സ്വാഗതം പറഞ്ഞു. സംരംഭകർ, സ്റ്റാർട്ടപ്പുകൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, സർക്കാർ ഉദ്യോഗസ്ഥർ, വിവിധ മേഖലയിലെ വിദഗ്ധർ തുടങ്ങിയവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

# ബിഎൽഒ അനീഷിൻറെ ആത്മഹത്യയ്ക്കു കാരണം സിപിഎം പ്രവർത്തകരുടെ ഭീഷണി: സണ്ണി ജോസഫ്

തിരുവനന്തപുരം: ബിഎൽഒ അനീഷിൻറെ ആത്മഹത്യ, സിപിഎം പ്രവർത്തകരുടെ ഭീഷണി കാരണമാണെന്ന് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്. ബിഎൽഒ മാരുടെ സമരത്തെ കോൺഗ്രസ് പിന്തുണയ്ക്കുന്നു. അനീഷിൻറെ മരണത്തിലേക്ക് നയിച്ചതു ഭീഷണിയാണ്. മരണകാരണം കണ്ടെത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കോൺഗ്രസ് ബിഎൽഒയെ കൂടെ കൂട്ടിയതിനാണ് സിപിഎം ഭീഷണിപ്പെടുത്തിയത്. കുറ്റക്കാരെ സംരക്ഷിക്കരുതെന്നും സണ്ണിജോസഫ് പറഞ്ഞു. എസ്ഐആറിൽ കെപിസിസി സുപ്രീംകോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

# എസ്ഐആർ നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാൻ ഉത്തരവിടണം: മുസ്‌ലിം ലീഗ് സുപ്രീം കോടതിയിൽ

ന്യൂഡൽഹി: കേരളത്തിലെ എസ്ഐആർ നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാൻ ഉത്തരവിടണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ച് മുസ്‌ലിം ലീഗ് നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി. തദ്ദേശ തെരഞ്ഞെടുപ്പിൻറെ തിരക്കിലാണ് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും സർക്കാർ ഉദ്യോഗസ്ഥരും. ഇതിനിടയിൽ എസ്ഐആർ നടപ്പാക്കുന്നത് അപ്രായോഗികമാണെന്നും അതിനാൽ എസ്ഐആർ നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. എസ്ഐആർ നടപടികളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് സമ്മർദം താങ്ങാനാകുന്നില്ലെന്ന് ചൂണ്ടിക്കാട്ടുന്ന ഹർജിയിൽ കണ്ണൂർ പയ്യന്നൂരിൽ ബിഎൽഒ അനീഷ് ജീവനൊടുക്കിയ സംഭവവും പരാമർശിക്കുന്നുണ്ട്. രാജ്യസഭാംഗവും അഭിഭാഷകനുമായ ഹാരിസ് ബീരാൻ ആണ് ഹർജി സുപ്രീം കോടതിയിൽ ഫയൽ ചെയ്തത്.

# എ.സി.എൽ.എസ്. & ബി.എൽ.എസ്. പരിശീലനം

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ്റെ ഫിനിഷിംഗ് സ്കൂളായ റീച്ചിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ അംഗീകൃത കോഴ്സുകളായ അഡ്വാൻസ്ഡ് കാർഡിയാക് ലൈഫ് സപ്പോർട്ട്, ബേസിക് ലൈഫ് സപ്പോർട്ട് എന്നിവയിൽ ഉടൻ പരിശീലനം ആരംഭിക്കുന്നു. ജിഎൻഎം/ നഴ്സിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 9496015002, 9496015051, www.reach.org.in.

# ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ : 22 വരെ അപേക്ഷിക്കാം

കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച്) നവംബർ 22 വരെ അപേക്ഷിക്കാം. 6 മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകീട്ട് 6 മുതൽ 8 വരെയാണ് ക്ലാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ്‌ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് യോഗ്യത. പ്രായപരിധി ഇല്ല. ഓൺലൈനായി അപേക്ഷിക്കുന്നതിന് മീഡിയ A-¡m-Z-an-bp-sS www.kma.ac.in സന്ദർശിക്കുക. ഫോൺ: 0484 2422275, 2422068, 9388959192, 04712726275 അവസാന തിയതി നവംബർ 22. വിലാസം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682030

# എം.ബി.ബി.എസ്. – ബി.ഡി.എസ്. പ്രവേശനം: സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

2025 വർഷത്തെ എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ നവംബർ 20 വൈകിട്ട് 4 ന് മുമ്പ് രേഖകളുമായി ഹാജരായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471–2332120, 0471–2338487, 0471–2525300.

# മിൽമയ്ക്ക് വീണ്ടും ദേശീയ അംഗീകാരം: ഗോപാൽ രത്ന പുരസ്കാരം മിൽമ മലബാർ യൂണിയൻ്റെ രണ്ട് അംഗസംഘങ്ങൾക്ക്

## വയനാട് മീനങ്ങാടി, പാലക്കാട് കുന്നങ്കാട്ടുപതി ക്ഷീരോല്പാദക സംഘങ്ങൾക്ക് പുരസ്കാരം

തിരുവനന്തപുരം: ക്ഷീരമേഖലയിലെ മികച്ച സംഭാവനകൾക്കുള്ള പരമോന്നത ബഹുമതിയായ ദേശീയ ഗോപാൽ രത്ന പുരസ്കാരങ്ങളിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ മിൽമ മലബാർ മേഖലാ യൂണിയൻറെ അംഗസംഘങ്ങൾക്ക് ലഭിച്ചു. മികച്ച ക്ഷീര സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ കേരളത്തിന് ഇത് അഭിമാനകരമായ നേട്ടമാണ്.

വയനാട് ജില്ലയിലെ മീനങ്ങാടി ക്ഷീരോല്പാദക സഹകരണ സംഘത്തിനാണ് ഒന്നാം സ്ഥാനം. പാലക്കാട് ജില്ലയിലെ കുന്നങ്കാട്ടുപതി ക്ഷീരോത്പാദക സഹകരണ സംഘം രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം 5 ലക്ഷം രൂപയും 3 ലക്ഷം രൂപയും പുരസ്കാര തുകയായി ലഭിക്കും. ക്ഷീരമേഖലയിലെ മികച്ച സംഭാവനകൾക്ക് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ കേന്ദ്ര സർക്കാർ നൽകുന്ന ഏറ്റവും ഉയർന്ന ദേശീയ ബഹുമതികളിൽ ഒന്നാണിത്. ഈ വർഷം ലഭിച്ച 2,081 അപേക്ഷകളിൽ നിന്നാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്.

മുൻവർഷങ്ങളിലും മലബാർ മിൽമയുടെ അംഗ സംഘങ്ങൾക്ക് ദേശീയ ഗോപാൽ രത്ന പുരസ്കാരം ലഭിച്ചിരുന്നു. മലബാർ മേഖലാ യൂണിയൻറെ അംഗ സംഘങ്ങളായ വയനാട് ജില്ലയിലെ ദീപ്തിഗിരി ക്ഷീര സംഘത്തിന് 2021-ൽ രണ്ടാം സ്ഥാനവും, മാനന്തവാടി, പുൽപ്പള്ളി ക്ഷീര സംഘങ്ങൾക്ക് യഥാക്രമം 2022, 2023 വർഷങ്ങളിൽ ഒന്നാം സ്ഥാനവും ലഭിച്ചിരുന്നു.

കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ ഈ മേഖലയിലെ ചിട്ടയായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് മിൽമ ചെയർമാൻ കെ എസ് മണി പറഞ്ഞു. ക്ഷീരമേഖലയ്ക്ക് കരുത്ത് പകരുന്നതിനൊപ്പം കൂടുതൽ ഊർജസ്വലതയോടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യാൻ പുരസ്കാരം പ്രചോദനമാണ്. ഈ പുരസ്കാരം ഏറ്റവും കൂടുതൽ തവണ കരസ്ഥമാക്കിയത് മലബാർ മേഖലാ യൂണിയൻറെ ഭാഗമായ അംഗസംഘങ്ങളാണെന്നതിൽ അഭിമാനമുണ്ട്.

മിൽമയുടെ പ്രശസ്തി വാനോളമുയർത്തിയ ക്ഷീരസംഘങ്ങളുടെ നേതൃത്വത്തെ അഭിനന്ദിക്കുന്നതായി മലബാർ മേഖലാ യൂണിയൻ ചെയർമാൻ കൂടിയായ അദ്ദേഹം കൂട്ടിച്ചേർത്തു.

നവംബർ 26 ന് നടക്കുന്ന ദേശീയ ക്ഷീരദിനാചരണത്തിൻറെ ഭാഗമായി കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് (ലാലൻ സിംഗ് )പുരസ്കാരങ്ങൾ സമ്മാനിക്കും. സഹമന്ത്രിമാരായ പ്രൊഫ. എസ് പി സിംഗ് ബാഗേൽ, ജോർജ് കുര്യൻ എന്നിവർ സന്നിഹിതരാകും.

പ്രതിദിനം 17,500 ലിറ്റർ പാൽ സംഭരിക്കുന്ന വയനാട് ജില്ലയിലെ മീനങ്ങാടി ക്ഷീരോല്പാദക സഹകരണ സംഘത്തിൻറെ ഭാരവാഹികൾ ജയൻ പി പി (പ്രസിഡൻറ് ), മാത്യു കെ ബി (സെക്രട്ടറി) എന്നിവരാണ്. പ്രതിദിനം 28,500 ലിറ്റർ പാൽ സംഭരിക്കുന്ന പാലക്കാട് ജില്ലയിലെ കുന്നങ്കാട്ടുപതി ക്ഷീരോല്പാദക സഹകരണ സംഘത്തിൻറെ ഭാരവാഹികൾ ആനന്ദ് സി (പ്രസിഡൻറ), ജയപ്രകാശ് (സെക്രട്ടറി) എന്നിവരാണ്.



**മികച്ച രണ്ടാമത്തെ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിനുള്ള ഗോപാൽ രത്ന അവാർഡ് നേടിയ പാലക്കാട് ജില്ലയിലെ കുന്നങ്കാട്ടുപതി ക്ഷീരോല്പാദക സഹകരണ സംഘം പ്രസിഡന്റ് ആനന്ദ് സി, സെക്രട്ടറി ജയപ്രകാശ് എന്നിവർ ജീവനക്കാർക്കൊപ്പം.**

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഹൃദയഭേദകം കല്ലാമ

**യേശുദാസ് വില്യം**



ഒഴുക്കുതോടു തീരത്ത് ചത്തനിലയിൽ തിരത്തടിഞ്ഞ കടലാമ

കൊല്ലം: ശക്തികുളങ്ങരയിലെ ഒഴുക്കുതോട് കടൽതീരത്തുകൂടിയുള്ള പ്രഭാതനടത്തിൽ തീരത്തെ മണൽപരപ്പിൽ മലർന്നുകിടക്കുന്ന ഒരു കുഞ്ഞൻ കടലാമ.പെട്ടന്ന് അതിനടുത്തേക്കു ചെന്നു.ചെറുതിരകൾ വന്നു തഴുകിപോയിട്ടും ചലനമറ്റു കിടക്കുന്ന കാഴ്ചയാണ്.ഞായറാഴ്ച കടലിൽ പോകാത്തതുകൊണ്ടു പരമ്പരാഗത വള്ളങ്ങൾ കരയിൽ നിരയായുണ്ട്. കടലിലേക്കു പോകുന്നങ്കിൽ പോകട്ടെയെന്നു കരുതി പതുക്കെ ആമയെ കമിഴ്ത്തി കിടത്തി നോക്കി ചലനമില്ല.സാധാരണ കടലപകടങ്ങളിൽ പെട്ടാണ് ആമകൾ തീരത്തടിയുന്നത്.ട്രോളിംഗ് ബോട്ടുകളുടെ പങ്കയിൽതട്ടി അംഗഭംഗം സംഭവിക്കുക, ചലിക്കാനാവതെ വലയിൽ കുടുങ്ങുക തുടങ്ങിയ സന്ദർഭങ്ങളിലാണ് ദീർഘായുസ്സുള്ള ആമകൾക്ക് അകാലമൃത്യു സംഭവിക്കുന്നത്. കടലപകടങ്ങളിൽ പെട്ടാലും അംഗഭംഗം വന്നാലും ജീവൻ നഷ്ടപ്പെടാത്ത കടലാമകളെ സംരക്ഷിക്കുന്ന ഒരു കേന്ദ്രം കോഴിക്കോട് പയ്യോളി തീരത്തു പ്രവർത്തിക്കുന്നുണ്ട്.ഒഴുക്കുതോട് തീരത്തു കണ്ട ആമയുടെ ശരീരഭാഗങ്ങൾക്കൊന്നും വലിയകുഴപ്പം ഇല്ല.പിന്നെ എങ്ങിനെ ആമ ചത്തടിഞ്ഞു. രൂപസാദൃശ്യം വച്ചു നോക്കുമ്പോൾ സാധാരണ കേരള തീരത്തു കണ്ടു പരിചയമുള്ള 'ഒലീവ് റെഡ്ലി' എന്ന ഇനത്തിൽ പെട്ടതാണോ എന്നും സംശയം തോന്നി .വലിയ വലിപ്പമില്ലാതെ കുഞ്ഞനെപ്പോലെ തോന്നിക്കുന്ന ആമയുടെ പുറം തോടിലെ കടും നിറവും,മുരിങ്ങ പുറ്റുകളും ചതുരത്തിലുള്ള അടയാളങ്ങളുമാണ് സംശയം തോന്നിപ്പിച്ചത്.

കേരളതീരത്ത് അടുത്തകാലത്ത് കൊല്ലം തീരത്ത് ഡോൾഫിനുകളും മറ്റും ചത്തു തീരത്തടിഞ്ഞ വാർത്തയും. മാരകമായ കെമിക്കലുകളടങ്ങിയ കണ്ടെയ്നറുകളുമായി മുങ്ങി താഴ്ന്നിരിക്കുന്ന എൽസാ 3 കപ്പൽ അപകടവും ഓർമ്മ വന്നു. കേന്ദ്ര ഭൗമമന്ത്രാലയത്തിന്റെ പഠനത്തിലെ കണ്ടെത്തൽ അടിത്തട്ടിലിരിക്കുന്ന കപ്പലിനുള്ളിലെ കെമിക്കലുകൾ മൽസ്യകുഞ്ഞുങ്ങൾക്കും,തീരക്കടലിലെ പ്ലവങ്ങൾക്കും,പായലുകൾക്കും ഉൾപ്പടെ ഉണ്ടാക്കാവുന്ന നാശത്തെക്കുറിച്ച് അടിവരയിട്ടു പറഞ്ഞിട്ടുണ്ട്.അങ്ങിനെയെന്തെങ്കിലുമാണോയെന്ന സന്ദേഹവും തോന്നി പിൻവാങ്ങുമ്പോഴാണ് പരമ്പരാഗതവള്ളത്തിൽ കടൽ പണിക്കു പോകുന്ന ടെറിയെ കണ്ടത്. ടെറി നിസ്സാരമായി പറഞ്ഞു' അച്ചാ. അതു കല്ലാമയാ..ച്ചാ' .അങ്ങിനെയൊന്നുണ്ടോ..പണ്ടു 'കല്ലാന'യെ കാട്ടിൽ കണ്ടുവെന്നു പറഞ്ഞു ഫോട്ടോ സഹിതം ഹിന്ദു പത്രത്തിൽ വേണുവേട്ടൻ എഴുതിയ വാർത്തയും ഇതിനെക്കുറിച്ചു മനോരമയിലെ സോമേട്ടനുമായി പ്രസ്സ് ക്ലബിലെ ഒത്തുചേരലിൽ നടന്ന സംഭാഷണം ഓർമ്മയിൽ വന്നു.ഇന്നിപ്പോൾ സംശയനിവർത്തീകരണത്തിനു സോമേട്ടനില്ലല്ലോ..എന്ന ദുഖം പിന്നെയും..

' അച്ചാ..ഇതു കൊഞ്ചുവലയിൽ വീണതായിരിക്കും. ഇപ്പോ ആമയെ ആരും എടുക്കത്തില്ല ച്ചാ..അങ്ങെനെ വന്നു കടപ്പുറത്തു കേറിയതാ..'നല്ലയിനം ആമയാണന്നും അയാൾ സാക്ഷ്യപ്പെടുത്തി.കൊല്ലം കോടിക്കകത്തുള്ള കല്ലുകളിൽ താമസിക്കുന്നപ്രത്യേക ഇനം ആമയെന്നാണ് ടെറിയുടെ നിരീക്ഷണം.വളർച്ചയും കുറവാണ്.ഏറിയാൽ പത്തുകിലോയോളം തൂക്കം മാത്രം.കല്ലിലെ മുരിപ്പും,പായലുമൊക്കയാണ് ആശന്റെ പ്രധാന ഭക്ഷണം.പിന്നെ പരവാ മീൻ വലയിൽ കണ്ടാലും ഇവൻ നികന്നു വന്നു പിടിക്കും ഇയാൾക്ക് പരവാ വലിയ ഇഷ്ടമാണ്. ടെറി കണ്ടിട്ടുണ്ടോ...ഞാൻ ചോദിച്ചു.'പിന്നില്ലേ കല്ലുറാളിനു കല്ലില് വലപായിക്കാൻ പോയപ്പം കണ്ടിട്ടുണ്ട്. വല പിടിക്കുമ്പോൾ കല്ലാമ വെള്ളത്തിന്റെ മേളിലോട്ട് നെകന്നു വന്നു..വലയിൽ പട്ടു കിടന്ന പരവ കണ്ടാ വന്നത്..ഞാൻ കൈയ്യെത്തി പിടിച്ചു..എന്റെ കൈയ്യും തട്ടിക്കളഞ്ഞ്..ഒറ്റ പോക്ക്..താഴോട്ട്..'.

വള്ളത്തിലും,ബോട്ടിലുമൊക്കെ പറ്റിപ്പിടിച്ചിരിക്കുന്ന മുരിങ്ങ കല്ലാമയുടെ പുറം തോടിൽ കണ്ടു. മൽസ്യത്തൊഴിലാളികൾ പറയുന്നതു ശരിവെക്കുകയാണെങ്കിൽ കല്ലാമ ഉൾക്കടലിലോ,ദേശാന്തര ഗമനത്തിനോ ഈ വഴി വന്നതല്ലന്നു നമുക്ക് അനുമാനിക്കാം.മുൻകാലങ്ങളിൽ തീരപ്രദേശങ്ങളിൽ കടലാമയുടെ മാംസം ഭക്ഷണത്തിനായി ഉപയോഗിക്കുമായിരുന്നു.ഇപ്പോൾ അതു കുറവാണ്.സംരക്ഷിത പട്ടികയിലുള്ള ജീവിയാണന്നുള്ള ബോധവൽക്കരണം ഇപ്പോൾ മൽസ്യത്തൊഴിലാളികൾ തന്നെ നടത്തുന്നു.അപൂർവ്വ സസ്യജാലങ്ങളും,പുറ്റുകളും,കടൽജീവികളും,കല്ലുറാളുകളുടെയും കേന്ദ്രമാണ് കൊല്ലം കോടിക്കകത്തുള്ള തീരക്കടൽ.കല്ലാമയുടെ മരണം ഒറ്റപ്പെട്ടതാണെങ്കിൽ നല്ലത്.മറിച്ച് എൽസാ 3 പുറംതള്ളുന്ന രാസമാലിന്യങ്ങളുടെ ഇരയാണെങ്കിൽ തീരക്കടലിലെയും അടിത്തട്ടിലെയും സൂക്ഷ്മജീവികളുടെ ജീവനും ഭീഷണിയാവും..

## ആലപ്പുഴ ഗവ. ഡെൻറൽ കോളജ് ആശുപത്രിയിലെ സീലിംഗ് അടർന്നു വീണു

ആലപ്പുഴ: ഗവ. ഡെൻറൽ കോളജ് ആശുപത്രിയിലെ സീലിംഗ് അടർന്നു വീണ് രോഗിക്ക് പരിക്കേറ്റു. എക്സ്റേ മുറിയുടെ വാതിലിനു സമീപമാണ് സീലിംഗ് അടർന്നു വീണത്.

ഇവിടെ നിൽക്കുകയായിരുന്ന ആറാട്ടുപുഴ വലിയഴീക്കൽ തറയിൽ കടവ് ഹരിതയ്ക്ക് (29) ആണ് പരിക്കേറ്റത്. ഹരിതയെ മെഡിക്കൽ കോജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെ 11.30നാണ് അപകടമുണ്ടായത്.

## സ്ഥാനാർഥി ആക്കിയില്ല; കോൺഗ്രസ് ബൂത്ത് പ്രസിഡൻറ് ആത്മഹത്യയ്ക്ക് ശ്രമിച്ചു

ആലപ്പുഴ: കോൺഗ്രസ് ബൂത്ത് പ്രസിഡൻറ് ആത്മഹത്യയ്ക്ക് ശ്രമിച്ചു. നിരണത്ത് സി. ജയപ്രദീപ് ആണ് ആത്മഹത്യയ്ക്ക് ശ്രമിച്ചത്. പത്തിയൂർ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ സ്ഥാനാർഥിയാക്കാത്തതിൽ മനംനൊന്താണ് ആത്മഹത്യാശ്രമം.

ജയപ്രദീപിനെ 19-ാം വാർഡിൽ യുഡിഎഫ് സ്ഥാനാർഥി ആക്കാൻതീരുമാനിച്ചിട്ട് സ്ഥാനാർഥിത്വം നൽകിയില്ല. വീട്ടുകാരുടെ സമയോചിത ഇടപെടലാണ് ജയപ്രദീപിൻറെ ജീവൻ രക്ഷിച്ചത്.

## ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുജീഷ കള്ളിയത്ത് ബിജെപിയിൽ ചേർന്നു

തൃശൂർ: ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറും കോൺഗ്രസ് നേതാവുമായ സുജീഷ കള്ളിയത്ത് ബിജെപിയിൽ ചേർന്നു. തൃശൂർ ബിജെപി ഓഫീസിലെത്തിയാണ് സുജീഷ കള്ളിയത്ത് അംഗത്വം സ്വീകരിച്ചത്.

ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുരേന്ദ്രൻ ഷാൾ അണിയിച്ച് സുജീഷ കള്ളിയത്തിനെ സ്വീകരിച്ചു. പാർട്ടി നേതാക്കളുടെ അവഗണനയിൽ പ്രതിഷേധിച്ചാണ് കോൺഗ്രസിൽ നിന്ന് രാജി വച്ചതെന്ന് സുജീഷ കള്ളിയത്ത് പ്രതികരിച്ചു. കഴിഞ്ഞ അഞ്ച് വർഷം കോൺഗ്രസ് നേതാക്കൾ തന്നെ ഭരിക്കാൻ അനുവദിച്ചില്ലെന്ന് സുജീഷ ആരോപിച്ചു.

## ഹണിട്രാപ്പ്; യുവാവ് ജീവനൊടുക്കിയ കേസിൽ അയൽവാസിയായ യുവതിയും ഭർത്താവും ഉൾപ്പെടെ നാലുപേർ അറസ്റ്റിൽ

മലപ്പുറം: ഹണിട്രാപ്പിനു പിന്നാലെ യുവാവ് ജീവനൊടുക്കിയ കേസിൽ അയൽവാസിയായ യുവതിയും ഭർത്താവും ഉൾപ്പെടെ നാലുപേർ അറസ്റ്റിൽ. സിന്ധു, ഭർത്താവ് ശ്രീരാജ്, ബന്ധുക്കളായ പ്രവീൺ, മഹേഷ് എന്നിവരാണ് അറസ്റ്റിലായത്.

മലപ്പുറം എടക്കര പള്ളിക്കുത്ത് സ്വദേശി രതീഷ് ജീവനൊടുക്കിയ കേസിലാണ് അറസ്റ്റ്. ഡൽഹിയിൽ ബിസിനസുകാരനായ രതീഷ് ജൂൺ 11 നാണ് പള്ളിക്കുത്തിലെ വീട്ടിൽ തൂങ്ങിമരിച്ചത്.

2024 നവംബറിലാണ് ഇവർ രതീഷിനെ നഗ്നനാക്കി മർദിച്ചത്. സിന്ധുവിൻറെ വീട്ടിലേക്ക് വിളിപ്പിച്ചായിരുന്നു മർദനം. വീട്ടിൽ വച്ച് ബലം പ്രയോഗിച്ച് രതീഷിനെ യുവതിയും കൂട്ടാളികളും ചേർന്ന് നഗ്നനാക്കി. വിവസ്ത്രനായി നിൽക്കുന്ന രതീഷിനൊപ്പം യുവതി കൂടെനിന്ന് ഫോട്ടോ എടുത്തു. ഫോട്ടോ പുറത്തു വിടാതിരിക്കാനായി സംഘം പണം ആവശ്യപ്പെട്ടു. പണം കിട്ടില്ലെന്ന് ബോധ്യമായതോടെ ഫോട്ടോ രതീഷിൻറെ സ്കൂൾ ഗ്രൂപ്പിലേക്കും ഭാര്യയ്ക്കും കൂട്ടുകാർക്കും അയച്ചുനൽകി. ഇതോടെ നാണക്കേട് താങ്ങാനാവാതെയാണ് മകൻ ജീവനൊടുക്കിയതെന്ന് രതീഷിൻറെ അമ്മ ആരോപിച്ചിരുന്നു.

രതീഷിൻറെ അമ്മയും ഭാര്യയും ഇതു സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിരുന്നു. എടക്കര പോലീസ് നടത്തിയ അന്വേഷണത്തിലാണ് നാലു പേരെ അറസ്റ്റ് ചെയ്തത്. പ്രതികൾ കടം വാങ്ങിയ പണം രതീഷ് തിരികെ ആവശ്യപ്പെട്ടതോടെയാണ് പ്രശ്നങ്ങൾ തുടങ്ങിയതെന്ന് രതീഷിൻറെ വീട്ടുകാർ ആരോപിക്കുന്നു. പണം തിരിച്ചു കൊടുക്കാതിരിക്കാനും രതീഷിൽനിന്നും കൂടുതൽ പണം തട്ടിയെടുക്കാനും വേണ്ടി സിന്ധുവും ഭർത്താവ് ശ്രീരാജും ചേർന്ന് ഹണിട്രാപ്പിൽ കുടുക്കിയതാണന്നും സഹായത്തിനായി മഹേഷിനേയും പ്രവീണിനേയും കൂടെ കൂട്ടിയെന്നും വീട്ടുകാർ പറയുന്നു.

## കോടതി വിധി പക്ഷപാതപരവും രാഷ്ട്രീയ പ്രേരിതവുമെന്ന് ഷെയ്ഖ് ഹസീന

ന്യൂഡൽഹി: തനിക്ക് വധശിക്ഷ വിധിച്ച അന്താരാഷ്ട്ര കുറ്റകൃത്യ ട്രിബ്യൂണലിൻറെ വിധി പക്ഷപാതപരവും രാഷ്ട്രീയ പ്രേരിതവുമെന്ന് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന.

ജനാധിപത്യപരമായ അധികാരമില്ലാത്ത ഒരു വ്യാജ ട്രിബ്യൂണലാണ് ഈ വിധി പുറപ്പെടുവിച്ചത്. കുറ്റാരോപണങ്ങൾ പൂർണമായും നിഷേധിക്കുന്നുവെന്നും വിചാരണ മുൻകൂട്ടി നിശ്ചയിച്ച നാടകമായിരുന്നുവെന്നും ഷെയ്ഖ് ഹസീന ആരോപിച്ചു. കോടതിയിൽ സ്വയം പ്രതിരോധിക്കാൻ ന്യായമായ അവസരം ലഭിച്ചില്ല. ഇഷ്ടമുള്ള അഭിഭാഷകരെ വച്ച് വാദിക്കാൻ പോലും സാധിച്ചില്ല. ലോകത്തിലെ ഒരു യഥാർഥ നിയമജ്ഞനും ബംഗ്ലാദേശ് ഐസിടിയെ അംഗീകരിക്കില്ലെന്നും ഹസീന വ്യക്തമാക്കി.

മുഹമ്മദ് യൂനുസ് ഭരണഘടനാ വിരുദ്ധമായും ഭീകരവാദ ശക്തികളുടെ പിന്തുണയോടെയുമാണ് അധികാരം പിടിച്ചെടുത്തത്. യൂനിസിൻറെ ഭരണത്തിൻ കീഴിൽ വിദ്യാർഥികൾ, വസ്ത്രനിർമാണ തൊഴിലാളികൾ, ഡോക്ടർമാർ, അധ്യാപകർ എന്നിവരുടെ പ്രതിഷേധങ്ങളെ ക്രൂരമായ രീതിയിൽ അടിച്ചമർത്തി.

സമാധാനപരമായി പ്രകടനം നടത്തിയവരെ വെടിവച്ച് കൊന്നു. മാധ്യമപ്രവർത്തകർ പീഡനവും ഉപദ്രവവും നേരിട്ടുവെന്നും അവർ ആരോപിച്ചു.

അതേസമയം, നിഷ്പക്ഷമായ ഒരു അന്താരാഷ്ട്ര വേദിയിൽ വിചാരണ നേരിടാൻ തയാറാണെന്ന് ഹസീന വ്യക്തമാക്കി. തെളിവുകൾ ന്യായമായി വിലയിരുത്താനും പരിശോധിക്കാനും കഴിയുന്ന ഒരു ശരിയായ ട്രിബ്യൂണലിൽ ആരോപകരെ നേരിടാൻ തനിക്ക് ഭയമില്ലെന്ന് അവർ കൂട്ടിച്ചേർത്തു.

## സിപിഎം പ്രവർത്തകർ അനീഷ് ജോർജിനെ ഭീഷണിപ്പെടുത്തിയിരുന്നു: ഗുരുതര ആരോപണവുമായി കോൺഗ്രസ് നേതാക്കൾ

തിരുവനന്തപുരം: പയ്യന്നൂരിൽ ബൂത്ത് ലെവൽ ഓഫീസർ അനീഷ് ജോർജ് ജീവനൊടുക്കിയ സംഭവത്തിൽ സിപിഎമ്മിനെതിരെ ഗുരുതര ആരോപണവുമായി കോൺഗ്രസ് നേതാക്കൾ. സിപിഎം പ്രവർത്തകർ അനീഷ് ജോർജിനെ ഭീഷണിപ്പെടുത്തിയിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശനും കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎയും ആരോപിച്ചു.

സംഭവത്തിൽ വസ്തുനിഷ്ഠമായ അന്വേഷണം വേണമെന്ന് കെപിസിസി പ്രസിഡൻറും ഗൗരവമായ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവും ആവശ്യപ്പെട്ടു. ബിഎൽഒയുടെ ആത്മഹത്യയിൽ സിപിഎം പ്രവർത്തകർക്ക് പങ്കുണ്ടെന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. സിപിഎം ഭീഷണിയും ജോലി സമ്മർദ്ദവുമാണ് മരണ കാരണം.

അനീഷിൻറെ ആത്മഹത്യയിൽ ഗൗരവമായ അന്വേഷണം വേണം. തെരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യം ഗൗരവമായി പഠിക്കണം. ബിജെപിയുടെ ദുരുദ്ദേശം മറ്റൊരു തലത്തിൽ ദുരുദ്ദേശത്തോടെ തന്നെ സിപിഎം നടപ്പാക്കുന്നു. ബിജെപിയിൽ രണ്ട് പേർ ആത്മഹത്യ ചെയ്തു.

സാമ്പത്തികമായ ഗുരുതര ആരോപണം നേതാക്കൾക്കെതിരെ ഉയർന്നു. എംഎസ് കുമാർ അടക്കം ഗൗരവമായ ആരോപണം ഉന്നയിക്കുന്നു. ബിജെപി ആടി ഉലയുകയാണ്. ആ ബിജെപിയുമായി ബന്ധം ഉണ്ടാക്കാനാണ് സിപിഎം ശ്രമിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

ബിഎൽഒ അനീഷിൻറെ മരണം അത്യന്തം വേദനാജനകമെന്നാണ് കെപിസിസി പ്രസിഡൻറ് പ്രതികരിച്ചത്. സിപിഎം പ്രവർത്തകർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയിരുന്നു. കോൺഗ്രസ് കൂടെ കൂട്ടിയതിൻറെ പേരിലായിരുന്നു ഇത്. സംഭവത്തിൽ വസ്തുനിഷ്ഠമായ അന്വേഷണം വേണം. കുറ്റക്കാരെ ഒരു കാരണവശാലും സംരക്ഷിക്കരുത്.

ബിഎൽഒമാരുടെ ഇന്നത്തെ സമരത്തെ കോൺഗ്രസ് പിന്തുണക്കുന്നു. എസ്ഐആറുമായി ബന്ധപ്പെട്ട് നിലവിലെ നടപടികൾ പ്രായോഗികമല്ല. ഒട്ടും യോജിച്ച സമയത്തല്ല ഇത്തരം നടപടി നടക്കുന്നത്. ഇതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും കെപിസിസി പ്രസിഡൻറ് വ്യക്തമാക്കി.

## സാങ്കേതികത്വം പറഞ്ഞ് വൈഷ്ണയെ മത്സരിപ്പിക്കാതെ ഇരിക്കരുത്; ഇടക്കാല ഉത്തരവുമായി ഹൈക്കോടതി

കൊച്ചി: തിരുവനന്തപുരം കോർപറേഷനിലെ യുഡിഎഫ് സ്ഥാനാർത്ഥി വൈഷ്ണ സുരേഷിൻറെ പേര് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കിയ സംഭവത്തിൽ ഇടക്കാല ഉത്തരവിറക്കി ഹൈക്കോടതി. വിഷയത്തിൽ ഈ മാസം 20നുള്ളിൽ ജില്ലാ കളക്ടർ തീരുമാനം എടുക്കണമെന്നാണ് ഹൈക്കോടതി ഉത്തരവിട്ടത്. വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കിയതിനെതിരായ ഹർജി പരിഗണിച്ചുകൊണ്ടാണ് ഹൈക്കോടതി ഇടക്കാല ഉത്തരവിറക്കിയത്. നടപടിയെ വിമർശിച്ച കോടതി അനാവശ്യ രാഷ്ട്രീയം മാത്രമാണ് ഇതെന്നും വ്യക്തമാക്കി. വൈഷ്ണക്കെതിരെ പരാതി നൽകിയ സിപിഎമ്മിനാണ് ഹൈക്കോടതിയുടെ വിമർശനം.

ഒരു യുവ സ്ഥാനാർത്ഥി മത്സരിക്കാൻ വരുമ്പോൾ ഇങ്ങനെയാണോ കാണിക്കേണ്ടതെന്നും കോടതി ചോദിച്ചു. വോട്ടർ പട്ടികയിൽ നിന്ന് പേരു നീക്കിയതിനെതിരെ വൈഷ്ണ നൽകിയ അപ്പീൽ പരിഗണിക്കാനും ഹൈക്കോടതി ഉത്തരവിട്ടു.

സാങ്കേതികത്വത്തിൻറെ പേരിൽ 24 വയസുള്ള കുട്ടിയെ മത്സരിപ്പിക്കാതെ ഇരിക്കരുതെന്ന് ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കി. കേസിൽ കക്ഷി ചേർക്കണമെന്ന് തിരുവനന്തപുരം കോർപറേഷൻ ആവശ്യപ്പെട്ടു. എന്നാൽ, കോർപറേഷന് ഇതിൽ എന്താണ് കാര്യമെന്നാണ് ഹൈക്കോടതി ചോദിച്ചത്.

കോർപറേഷൻ അനാവശ്യമായി ഇടപെടരുതെന്നും കോടതി ഓർമിപ്പിച്ചു. ഹർജിക്കാരിയും പരാതിക്കാരനും ചൊവ്വാഴ്ച ജില്ലാ കളക്ടർക്ക് മുമ്പാകെ ഹാജരാകണമെന്നും ഹൈക്കോടതി ഉത്തരവിട്ടു. ഇടക്കാല പുറപ്പെടുവിച്ച കോടതി ഹർജി പിന്നീട് പരിഗണിക്കാനായി മാറ്റി.

## പാലോട് പടക്ക നിർമാണശാലയിലെ അപകടം; പൊള്ളലേറ്റ് ചികിത്സയിലായിരുന്ന തൊഴിലാളി മരിച്ചു

തിരുവനന്തപുരം: പാലോട് പടക്ക നിർമ്മാണശാലയ്ക്ക് തീപിടിച്ചുണ്ടായ അപകടത്തിൽ ഗുരുതരമായി പൊള്ളലേറ്റ് ചികിത്സയിലായിരുന്ന തൊഴിലാളി മരിച്ചു. താളിക്കുന്ന സ്വദേശി ഷീബ (45) ആണ് മരിച്ചത്. പൊള്ളലേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

കഴിഞ്ഞ ചൊവ്വാഴ്ചയാണ് പാലോട് പേരയം താളിക്കുന്നിലുള്ള ആൻ ഫയർവർക്സിൻറെ പടക്ക നിർമാണ യൂണിറ്റിന് തീപിടിച്ചത്. കഴിഞ്ഞ അഞ്ചുവർഷമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആൻ ഫയർവർക്സ്.

അപകടത്തിൽ നിർമണശാലയിലെ തൊഴിലാളികളായ ഷീബ, ജയ, ശ്രീമതി, മഞ്ജു എന്നിവർക്കാണ് പരിക്കേറ്റത്.

ഇതിൽ ഷീബയെ ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജിലേക്ക് മാറ്റുകയായിരുന്നു.

ഓലപടക്കത്തിന് തിരി കെട്ടി കൊണ്ടിരുന്നപ്പോഴാണ് അപകടം നടന്നത്. വിതുര ഫയർഫോഴ്സ് സ്ഥലത്തെത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്. പാലോട് സ്വദേശി അജികുമാറിൻറെ ഉടമസ്ഥതയിലുള്ള നിർമാണ യൂണിറ്റിന് 25 മീറ്റർ മാറിയാണ് സംഭരണ കേന്ദ്രവും ഉള്ളത്.

## ശബരിമല സ്വർണക്കൊള്ളക്കേസ്: ഇഡിയുടെ ഹർജി ദേവസ്വം ബെഞ്ച് പരിഗണിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിലെ എഫ്ഐആറിൻറെ പകർപ്പ് കൈമാറണമെന്നാവശ്യപ്പെട്ട് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) നൽകിയ ഹർജി ദേവസ്വം ബെഞ്ച് പരിഗണിക്കാൻ നിർദേശം നൽകി ഹൈക്കോടതി. ഇക്കാര്യത്തിൽ ചീഫ് ജസ്റ്റിസ് തീരുമാനമെടുക്കണമെന്ന് സിംഗിൾ ബെഞ്ച് വ്യക്തമാക്കി. നിലവിൽ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട ഹർജികൾ ദേവസ്വം ഡിവിഷൻ ബെഞ്ചാണ് പരിഗണിക്കുന്നത്. അതിനാൽ ഈ തീരുമാനവും അതേ ബെഞ്ച് എടുക്കുന്നതാകും ഉചിതമെന്ന് ജസ്റ്റീസ് സി. എസ്. ഡയസിൻറെ ബെഞ്ച് അറിയിച്ചു. കള്ളപ്പണം വെളിപ്പിക്കൽ നിരോധനനിയമ പ്രകാരം അന്വേഷണം നടത്താൻ ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത എഫ്ഐആർ, അനുബന്ധ മൊഴികൾ, രേഖകൾ എന്നിവയുടെ മുദ്രവച്ച പകർപ്പാണ് ആവശ്യപ്പെട്ടിരിക്കുന്നത്. റാന്നി മജിസ്ട്രേറ്റ് കോടതിയിൽ ഈ ആവശ്യമുന്നയിച്ച് നൽകിയ ഹർജി തള്ളിയതിനെത്തുടർന്നാണ് ഇഡി കൊച്ചി സോണൽ ഓഫീസ് ഹൈക്കോടതിയിൽ ഹർജി നൽകിയത്.പൊതുരേഖയായ എഫ്ഐആർ ഇഡിക്ക് നിഷേധിക്കാനാകില്ലെന്നും കള്ളപ്പണം വെളിപ്പിക്കൽ നിരോധന നിയമപ്രകാരമുള്ള അന്വേഷണം നിലവിൽ നടക്കുന്ന അന്വേഷണത്തിൽ നിന്ന് വ്യത്യസ്തമാണെന്നും ഹർജിയിൽ പറയുന്നു. അന്വേഷണം ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണെന്ന് ചൂണ്ടിക്കാട്ടിയാണ് മജിസ്ട്രേറ്റ് കോടതി എഫ്ഐആർ നൽകണമെന്ന ആവശ്യം തള്ളിയത്.